**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മേൽപ്പാലവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ ആദ്യമായി പൂർണ്ണമായും സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചറൽ രീതിയിൽ നിർമ്മിച്ച മേൽപാലമാണ് ഗുരുവായൂർ റെയിൽവേ മേൽപ്പാലം. 14.11.2023 തീയതിയിൽ ഈ മേൽപ്പാലം ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട്, കാനയുടെ പ്രവൃത്തിയും, റെയിൽവേ സ്റ്റെയർ കേസിന്റെ പ്രവൃത്തിയും ആണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | ആർ.വി മുഹമ്മദ് എന്ന വ്യക്തി കാനയുടെ സ്ഥലം സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ ഒരു കേസ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്തിമ വിധി വരുന്ന മുറക്ക് കാനയുടെ പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ സ്റ്റെയർകേസിന്റെ നിർമ്മാണം എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ